## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8097** **24.07.2012 ൽ മറുപടിയ്ക്ക്**

### ഫോറസ്റ്റർ ട്രെയിൻഡ് റേഞ്ചർ ക്വോട്ട നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) 2000-01 കാലത്ത് ഫോറസ്റ്റ് ട്രെയിൻഡ് റേഞ്ചർ (എഫ്.റ്റി.ആർ) ക്വോട്ടയിൽ എത്രപേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; | (എ) 2001-03 വർഷത്തെ റെയിഞ്ചേഴ്സ് കോഴ്സിലേയ്ക്ക് എഫ്.റ്റി.ആർ ക്വോട്ടയിലേയ്ക്ക് ഡിപ്പാർട്ടുമെൻറൽ ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനായി 2000-ൽ പി.എസ്.സി വിജ്ഞാപനം നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും 9 പേരെ റെയിഞ്ചേഴ്സ് കോഴ്സിന് നിയോഗിക്കുകയും ടി കോഴ്സ് പൂർത്തിയാക്കിയ മുറയ്ക്ക് ഫോറസ്റ്റർ ട്രെയിൻഡ് റെയിഞ്ചർ (എഫ്.റ്റി.ആർ) വിഭാഗത്തിൽ ഉൾപ്പെടുത്തി അവർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ ക്വോട്ടയിലെ നിയമനത്തിനെതിരെ നിയമ നടപടികൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ ക്വോട്ടായിൽ എത്രപേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) 2000-ൽ പി.എസ്.സി വിജ്ഞാപനം നടത്തി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എഫ്.ടി.ആർ. ക്വാട്ടയിൽ ഒൻപതു പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) മേൽ സൂചിപ്പിച്ച വർഷത്തിൽ എഫ്.റ്റി.ആർ ക്വോട്ടയിൽ നിയമനം നേടിയവർ ട്രെയിനിംഗ് പൂർത്തിയാക്കുകയോ ആയതിൻെറ സർട്ടിഫിക്കറ്റ് വകുപ്പിൽ ഹാജരാക്കുകയോ ചെയ്തിട്ടുണ്ടോ; | (ഡി) ചോദ്യം (എ)യുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള 9 പേരെയും റെയിഞ്ചർ ട്രെയിനിംഗ് പൂർത്തിയാക്കിയ മുറയ്ക്കാണ് എഫ്.റ്റി.ആർ വിഭാഗത്തിൽ ഉൾപ്പെടുത്തി നിയമനം നൽകിയിട്ടുള്ളത്. അവരുടെ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ഇ) പ്രസ്തുത നിയമനത്തിനെതിരെയുള്ള സുപ്രീം കോടതി വിധി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിൻെറ കാരണം വ്യക്തമാക്കുമോ; | (ഇ) പ്രസ്തുത നിയമനത്തിനെതിരെയുള്ള സുപ്രീം കോടതി വിധി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| **(എഫ്)** | പ്രസ്തുത വിധിയിൽ അന്ന് എഫ്. റ്റി. ആർ ക്വോട്ടയിൽ നിയമനം നേടിയവർക്ക് ട്രെയിനിംഗിന്റെ ആനുകൂല്യം നൽകരുതെന്ന സുപ്രീം കോടതി നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; | **(എഫ്)** | ഉണ്ട്. |
| **(ജി)** | ഈ വിഷയം സംബന്ധിച്ച് മറ്റേതെങ്കിലും കോടതി പരാമർശം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | **(ജി)** | ഈ വിഷയം സംബന്ധിച്ചുള്ള 14563/2008, 14567/2008 എന്നീ റിട്ട് പെറ്റീഷനുകൾ 26.05.2008-ലെ വിധി പ്രകാരം കേരള ഹൈക്കോടതി തീർപ്പാക്കിയിരുന്നു. വനം വകുപ്പിൽ റെയിഞ്ചാഫീസർമാരുടെ ഒഴിവുകൾ ലഭ്യമാണെങ്കിൽ സുപ്രീം കോടതിയിലെ 865-867/05 നമ്പർ സിവിൽ അപ്പീലിലെ ആവലാതിക്കാരെ ഉൾക്കൊള്ളിച്ച ശേഷം ടി സിവിൽ അപ്പീലിലെ എതിർകക്ഷികളെ അവർക്ക് ഇതിനകം നൽകിക്കഴിഞ്ഞ ട്രെയിനിംഗ് പരിഗണിച്ച് ഉൾക്കൊള്ളിക്കുവാനുള്ള ശ്രമം നടത്തണമെന്നും തരംതാഴ്ത്തൽ അനിവാര്യമാണെങ്കിൽ സീനിയോറിറ്റി സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം മാത്രം തരംതാഴ്ത്തൽ നടത്താവൂ എന്നും 26.05.2008-ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**